**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2392** | **05.11.2019** - ൽ മറുപടിക്ക് |
|---|---|

# പെട്രോളിയം ഉല്പന്നങ്ങൾ ജി.എസ്.ടിയിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടിയിൽ ഉൾപ്പെടുത്തുന്നതു മായി ബന്ധപ്പെട്ട് എന്തെങ്കിലും ചർച്ചകൾ കേന്ദ്രം സംസ്ഥാന വുമായി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സംസ്ഥാന ത്തിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാന മെടുത്തിട്ടുണ്ട്. |
| (ബി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടിയിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തെ ഏത് രീതിയിൽ ബാധിക്കുമെന്നാണ് വിലയിരുത്തി യിട്ടുള്ളത്; | (ബി) | പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപന നികുതി നിയമം 1963 യഥാക്രമം 30.08-ഉം 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ചരക്കുസേവന നികുതി നിയമ പ്രകാരമുള്ള ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. അതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കും. |
| (സി) | പെട്രോളിയം സെസിൽ നിന്ന് കിഫ്ബിലേയ്ക്കുള്ള വിഹിതത്തിൽ കുറവ് വരുന്നത് കിഫ്ബി മുഖേനയുള്ള വായ്പാ തിരിച്ചടവിനെ ഏതെല്ലാം തരത്തിൽ ബാധിക്കു മെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | (സി) & (ഡി) | നിലവിൽ സർക്കാരിൽ നിന്ന് കിഫ്ബിക്കു ലഭിക്കുന്ന ആകെ ഗ്രാന്റിന്റെ 25% - 35% മാത്രമാണ് പെട്രോളിയം സെസ്സ് എന്ന ഇനത്തിൽ നിന്നുള്ളത്. ഈ ഇനത്തിൽ എന്തെങ്കിലും കുറവ് വന്നതായി കരുതുന്നില്ല. പ്രെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി. |

| | | | |
|---|---|---|---|
| (ഡി) | പ്രെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടിയിൽ ഉൾപ്പെട്ടുത്തേണ്ട സാഹചര്യമുണ്ടായാൽ കിഫ്ബി മുഖേനയുള്ള വായ്പാ തിരിച്ചടവിന് എന്തെല്ലാം സാമ്പത്തിക മുൻകരുതൽ സർക്കാർ സ്വീകരി ച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | | യിൽ ഉൾപ്പെടുത്താൻ നിലവിൽ തീരുമാനം ഇല്ല. ഏതെങ്കിലും സാഹചര്യത്തിൽ പ്രെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി. യിൽ ഉൾപ്പെടുത്തുന്നപക്ഷം ഈ ഇനത്തിൽ സംസ്ഥാന സർക്കാരിനു ലഭിക്കുന്ന വിഹിതം കിഫ്ബിയിലേക്ക് ഉറപ്പാക്കുന്നതാണ്. കൂടാതെ കിഫ്ബി ആക്ടിലെ 7(3)-ാം വകുപ്പ് പ്രകാരം ആക്ടിലെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ, ഗ്രാന്റും മുൻകൂറുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.ഇപ്രകാരം പെട്രോളിയം സെസ്സ് ഇനത്തിൽ വരുന്ന കുറവുകൾ ഗ്രാന്റായി നൽകി ഈ വിടവ് നികത്താവുന്നതാണ്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**